**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **29-09-2025 - ൽ മറുപടിയ്ക്ക്**

**ക്ലൺ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിവകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന 'ക്ലൺ ഗ്രാമം' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | മാവേലിക്കര ബ്ലോക്കിലെ മൂന്ന് പഞ്ചായത്തുകളായ തഴക്കര, തെക്കേക്കര, മാവേലിക്കര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും ചാരുംമൂട് ബ്ലോക്കിലെ (ഭരണിക്കാവ് ബ്ലോക്ക്) താമരക്കുളം, വള്ളികുന്നം, ചുനക്കര, പാലമേൽ, നൂറനാട് എന്നീ പഞ്ചായത്തുകളിലും ക്ലൺ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി മാവേലിക്കര ബ്ലോക്കിന് 5 ലക്ഷം രൂപയും, ചാരുംമൂട് ബ്ലോക്കിന് 12 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>പദ്ധതി പ്രകാരം ചെറുകിട ക്ലൺ ഉത്പാദന യൂണിറ്റിന് പതിനൊന്നായിരത്തി ഇരുനൂറ്റിയമ്പത് രൂപയും വൻകിട ക്ലൺ ഉല്പാദന യൂണിറ്റിന് രണ്ടു ലക്ഷം രൂപയും ക്ലൺ വിത്തുല്പാദന യൂണിറ്റിന് (സ്പോൺ) രണ്ടുലക്ഷം രൂപയും കമ്പോസ്റ്റ് യൂണിറ്റിന് അൻപതിനായിരം രൂപയും പാക്ക്ഹൗസിനു രണ്ടു ലക്ഷം രൂപയും പ്രിസർവെഷൻ യൂണിറ്റിന് ഒരു ലക്ഷം രൂപയും പരിശീലന പരിപാടികൾക്കായി ഒരു ലക്ഷം രൂപയും ഉൾപ്പെടെ ഒരു ക്ലൺ ഗ്രാമത്തിനായി 30.25 ലക്ഷം രൂപയുടെ ധനസഹായമാണ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ